(ബി) സ്കൂൾ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്ന ജാതി, കുട്ടിയെ സ്കൂളിൽ ചേർക്കുമ്പോൾ രക്ഷിതാക്കൾ പറഞ്ഞുകൊടുക്കുന്നതാണ്. ആയതിനാൽ സ്കൂൾ സർട്ടിഫിക്കറ്റിനെ മാത്രം അടിസ്ഥാനമാക്കി ജാതി സർട്ടിഫിക്കറ്റ് നൽകാൻ വില്ലേജ് ഓഫീസറെ അധികാരപ്പെടുത്താൻ സാധിക്കുകയില്ല.

(സി) അപേക്ഷകൻ താമസിക്കുന്ന സ്ഥലത്ത് അധികാരപരിധിയുള്ള വില്ലേജ് ഓഫീസർ വഴി സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ ഇപ്പോൾ തന്നെ സംവിധാനം നിലവിലുണ്ട്. എന്നാൽ മുമ്പ് താമസിച്ചിരുന്ന സ്ഥലത്തുനിന്നും അന്വേഷണ റിപ്പോർട്ട് ആവശ്യമായി വരുന്ന കേസുകളിൽ അത്തരം റിപ്പോർട്ടുകൾ ആവശ്യപ്പെടാവുന്നതാണ്.

വില്ലേജ് ഓഫീസുകളിലെ ഫോൺ

13 [2902] ശ്രീ. സി. പി. മുഹമ്മദ് :
,, എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. എം. എ. വാഹീദ് :
,, കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര വില്ലേജാഫീസുകളുണ്ട്;

(ബി) ഇവയിൽ എത്രയെണ്ണത്തിന് ഫോൺ നൽകി;

(സി) വില്ലേജ് ഓഫീസുകളിലെ ഫോൺ ഉപയോഗത്തിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) വില്ലേജ് ഓഫീസുകളിൽ സ്ഥാപിച്ച ഫോണിന് ശരാശരി കാൾചാർജ്, റന്റ് എന്നീയിനങ്ങളിൽ ഓരോ രണ്ടുമാസത്തിലും എന്ത് ചെലവ് വരുന്നുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ, ബി, സി ആന്റ് ഡി) വിവരം ശേഖരിച്ചുവരുന്നു.

റവന്യൂ വകുപ്പിൽ തസ്തിക നിർത്തലാക്കുന്ന നടപടി

14 [2903] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ നാല് വർഷത്തിനകം റവന്യൂ വകുപ്പിൽ നിർത്തലാക്കിയ തസ്തികകൾ എത്രയാണ്;

(ബി) ഇത്തരത്തിൽ തസ്തികകൾ നിർത്തലാക്കുവാനുള്ള കാരണം എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly